# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5580</u> — <u>02.07.2014 ൽ മറുപടിക്ക്</u>

## തൃക്കാക്കര പി.എച്ച്. ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തൃക്കാക്കര പി.എച്ച്. ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഈ പി.എച്ച്. സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;<br><br>(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) & (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>തൃക്കാക്കര നഗരസഭാതിർത്തിയിൽ തൃക്കാക്കര പി.എച്ച്.സി യെ കൂടാതെ 1 കി.മീ ദൂരത്ത് 20 കിടക്കകളുള്ള കാക്കനാട് പി.എച്ച്.സി യും 10 കി.മീ ദൂരത്ത് എറണാകുളം ജനറൽ ആശുപത്രിയും 13 കി.മീ ദൂരത്ത് ആലുവ ജില്ലാ ആശുപത്രിയും 5 കി.മീ ചുറ്റളവിൽ കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജും 9 കി.മീ ദൂരത്തിൽ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഴയ ഒരു ഗവ.ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന തൃക്കാക്കര പി.എച്ച്.സിയ്ക്ക് കെട്ടിടങ്ങൾ/വാർഡുകൾ പണിയുന്നതിന് ആവശ്യമായ സ്ഥലവും നിലവിലില്ല. |
| (ഡി) തൃക്കാക്കരയിൽ ജില്ലാ ഹോമിയോ ആശുപത്രി തുടങ്ങുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; | (ഡി) ഹോമിയോ വകുപ്പിനു കീഴിൽ എറണാകുളം ജില്ലയിലെ ജില്ലാ ഹോമിയോ ആശുപത്രി പുല്ലേപ്പടിയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന സ്ഥലത്ത് ആശുപത്രി പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പുതിയ ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടം കാക്കനാട് പണികഴിപ്പിച്ചു വരുന്നു. കാക്കനാട് ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പുല്ലേപ്പടിയിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ ഹോമിയോ ആശുപത്രി കാക്കനാട്ടേക്ക് (തൃക്കാക്കരയുടെ അടുത്ത്) മാറ്റി സ്ഥാപിക്കുന്നതാണ്. |

(ഇ) ഇതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ?

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ ഹോമിയോപ്പതി വകുപ്പിലെ സ്ഥാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ ഒന്നും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ